# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5909 — 28/03/2018-ൽ മറുപടിക്ക്

### കേന്ദ്ര ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ നൽകിയ മുന്നറിയിപ്പ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.ഡി.സതീശൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) ഡോക്ടർമാരുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക് മരുന്നുകൾ വിൽക്കുന്ന പ്രവണതയ്ക്കെതിരെ കേന്ദ്ര ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ;<br><br>ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) യും ബി) യും | ഉണ്ട്. സംസ്ഥാനത്തുടനീളം ചില്ലറ വ്യാപാര സ്ഥാപനങ്ങൾ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധിക്കുകയും, ആന്റിബയോട്ടിക്കുകൾ ബില്ലുകളില്ലാതെയും, കുറിപ്പടിയില്ലാതെയും വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ലൈസൻസ് സസ്പെൻഷൻ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നുമുണ്ട്. ഇതിന് പുറമേ ഷെഡ്യൂൾ എച്ച്1 വിഭാഗത്തിലുള്ള ആന്റിബയോട്ടിക്കുകളുടെ വിൽപ്പന വിശദാംശങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും ടി രജിസ്റ്ററുകൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും കർശനനിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| സി) പ്രസ്തുത നടപടികൾ ഫലപ്രദമാണോ; ഇത് ലംഘിച്ചതിന്റെ പേരിൽ 2018- ൽ ഏതെങ്കിലും ഔഷധ വ്യാപാരികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ? | സി) | ഫലപ്രദമാണ്. ഇത് ലംഘിച്ചതിന്റെ പേരിൽ 2018 ജനുവരി 1 മുതൽ നാളിതുവരെയായി കേരളത്തിലൊട്ടാകെ 42 ഔഷധ വ്യാപാരികളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയും ഒരു ലൈസൻസ് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ